ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, ഞാൻ ഇതു സംബന്ധിച്ച് മറുപടി പറയാൻ മറ്റൊരു മന്ത്രിയെ ഏൽപ്പിച്ചിട്ട് ഒരു ജവാന്റെ ഡെഡ്ബോഡി ഏറ്റുവാങ്ങാൻ പോയതാണ്. വഴിക്ക്, കാറിൽ വച്ച് വിവരം കിട്ടി, "ഡെഡ്ബോഡി ഇന്നു രാവിലെ എറണാകുളത്ത് ഇറക്കി" എന്ന്. ഉടനെ തിരികെ പോന്നു. കാരണം ഈ വിഷയത്തിൽ എനിക്കു മറുപടി പറയാൻ താൽപ്പര്യമുണ്ട്. ഈ വിഷയം സബ്മിഷൻ വഴി 24.6.99-ന് സഭയിൽ ഉന്നയിച്ചതാണ്. ഒരു സമരത്തിന്റെ കാര്യം കൂടിയായതുകൊണ്ടാണ് ഇന്നും ഇതിനു അനുമതി നൽകിയതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അഫിലിയേഷനുവേണ്ടി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളുടെ ന്യൂനതകൾ പരിഹരിക്കാൻ പ്രാഥമിക സഹകരണസംഘങ്ങളോട് ആവശ്യപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം നടപടി എടുത്തുവരുന്നു എന്നു ഞാൻ പറഞ്ഞതാണ്. 49 അപേക്ഷകൾ ന്യൂനതകൾ പരിഹരിച്ച് മത്സ്യഫെഡിൽ ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ തന്നെ മത്സ്യഫെഡ് ഓഫീസിൽ പോയി കഴിഞ്ഞ ദിവസം അഞ്ചോളം അപേക്ഷകളുടെ ന്യൂനതകൾ പരിഹരിച്ചു നൽകിയതായി അറിയാൻ കഴിഞ്ഞു. 6.8.1998-ൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗതീരുമാനപ്രകാരം അഫിലിയേഷനു ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിക്കാൻ തീരുമാനിച്ചിരുന്നു. 30.1.1999-ലും 3.6.1999-ലും ചേർന്ന ഡയറക്ടർ ബോർഡ് യോഗത്തിലും അഫിലിയേഷൻ കാര്യം ചർച്ച ചെയ്യുകയും അപേക്ഷകളിൽ ഉള്ള ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കപ്പെടുന്ന മുറയ്ക്ക് ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കാൻ പ്രാഥമിക സഹകരണസംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 49 അപേക്ഷകൾ തെറ്റുകൾ തിരുത്തി സമർപ്പിച്ചത്, ആവശ്യമായ അഫിലിയേഷൻ ഫീസ് അടയ്ക്കാതിരിക്കുക, ഓഫീസിൽ പതിക്കാതിരിക്കുക, അംഗീകൃത ബൈലായുടെ പകർപ്പുകൾ വയ്ക്കാതിരിക്കുക, അപേക്ഷാതീയതി രേഖപ്പെടുത്താതിരിക്കുക തുടങ്ങിയ ന്യൂനതകൾ ആണ് കണ്ടത്. അതിനെത്തുടർന്ന് അതു തിരുത്തിത്തരാൻ ആവശ്യപ്പെട്ടു. 6.8.1998-ൽ അഫിലിയേഷൻ നൽകുന്നകാര്യം ബോർഡിന്റെ പരിഗണനയ്ക്ക് വരുകയും ആവശ്യമായ നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നതാണ്. ഈ കാര്യത്തിലുണ്ടായ കാലതാമസം പ്രാഥമിക സഹകരണസംഘങ്ങൾ യഥാസമയം നടപടി എടുക്കാതിരിക്കുന്നതിനുണ്ടായ കാലതാമസമാണ്. ഇനിയും തെറ്റുകൾ തിരുത്തി പല സംഘടനകളുടെയും അപേക്ഷകൾ ലഭിക്കാനുണ്ട്. ഏതായാലും അതിനു കാത്തിരിക്കാതെ അടുത്ത ഡയറക്ടർ ബോർഡ് യോഗത്തിൽ തന്നെ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ മത്സ്യഫെഡിനു നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു വേണ്ടി 16-ാം തീയതി ബോർഡിന്റെ യോഗവും വിളിച്ചിട്ടുണ്ട്. ഇതിനായി ഒരു സമരത്തിന്റെ ആവശ്യമുണ്ടോയെന്ന് എനിക്കു സംശയമാണ്. അക്കാര്യം ബഹുമാനപ്പെട്ട അംഗവും ബന്ധപ്പെട്ടവരും തീരുമാനിക്കേണ്ടതാണ്. സമരം ഒഴിവാക്കിക്കൊണ്ട് ഈ യോഗത്തിൽ തന്നെ ഒരു തീരുമാനമെടുക്കുമെന്നു പറഞ്ഞതിനെ ആസ്പദമാക്കി സമരത്തിൽനിന്നു പിൻമാറണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(4) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥയും പൂക്കോട്ടൂർ പബ്ലിക് ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തേണ്ടതിന്റെ ആവശ്യകതയും

ശ്രീ. പി.കെ.കെ. ബാവ : സർ, എന്റെ നിയോജകമണ്ഡലത്തിൽ ഉള്ള രണ്ടു ഹെൽത്ത് സെന്ററുകളുടെ കാര്യമാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും ശ്രദ്ധിയിൽകൊണ്ടുവരാനുള്ളത്. രണ്ടു ഹെൽത്ത്

LIBRARY ARCHIVES Kerala Legislative Assembly

സെന്ററുകളുടെയും കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് നേരിട്ടറിയാവുന്നതാണ്. ഒന്ന് കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ദിവസവും അവിടെ നാന്നൂറും അഞ്ഞൂറും രോഗികൾ, പാവപ്പെട്ട രോഗികൾ നിയോജകമണ്ഡലത്തിന്റെ പല ഭാഗങ്ങളിൽനിന്നും അവിടെ എത്തിച്ചേരുന്നുണ്ട്. ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ഇന്ന് ഇല്ലായ്മയുടെ കഥകൾ മാത്രമേ പറയാനുള്ളൂ. ഡോക്ടർമാരില്ല, സ്റ്റാഫില്ല, മരുന്നില്ല, അങ്ങനെ അവിടെ ആവശ്യമായതൊന്നുമില്ലെന്നുള്ളതുകൊണ്ട് അഡ്മിഷൻ പോലും കുറഞ്ഞുപോയിരിക്കുന്നു. ഇതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് മനസ്സിലാക്കി ഇതിനൊരു പരിഹാരമുണ്ടാക്കിത്തരണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന്, പൂക്കോട്ടൂർ ഉള്ളത്. 34 കിടക്കകളുള്ള ഒരു പ്രൈമറി ഹെൽത്ത് സെന്ററാണ്. അക്കാരണം കൊണ്ടുതന്നെ അവിടെ ധാരാളം പരാധീനതകളുണ്ട്. ആവശ്യമായ സ്റ്റാഫില്ല, നഴ്സില്ല. ധാരാളം ആളുകൾ അതിനെ ആശ്രയിക്കുകയും ചെയ്യുന്നു. ഇതൊരു പ്രൈമറി ഹെൽത്ത് സെന്ററിൽനിന്ന് ഉയർത്തി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കിത്തരണമെന്നുകൂടി ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതിന് വ്യത്യസ്തമായ ഒരു വിവരമാണ് എന്റെ കയ്യിലുള്ളത്. അതിലൊന്ന് 24 കിടക്കകളാണ് അവിടെയുള്ളത്. മൂന്നു ഡോക്ടർമാരുമുണ്ട്. 30 പേഷ്യന്റിന് ഒരു ഡോക്ടറാണ് വേണ്ടത്. പക്ഷെ അവിടെ 24 കിടക്കകൾ ഉള്ളതിനുതന്നെ മൂന്നു ഡോക്ടർമാരുണ്ട്. ആറു ബെഡ്ഡിന് ഒരു നഴ്സാണ് വേണ്ടത്. അവിടെ അഞ്ചു നഴ്സുമാരുണ്ട്. എനിക്കു കിട്ടിയ വിവരം വ്യത്യസ്തമാണോ എന്ന് ഒന്നുകൂടി പരിശോധിക്കേണ്ടിയിരിക്കുന്നു. അവിടെ 150 ഒ.പി. ആണ് ശരാശരി. അതും പരിശോധിക്കണം. ഈ കഴിഞ്ഞ ആഴ്ചയിൽ ശരാശരി അഞ്ചു പി.പി.എസ്. ഓപ്പറേഷൻ അവിടെ നടന്നിട്ടുണ്ട്. കഴിഞ്ഞ മാസത്തിൽ 25 പ്രസവും അവിടെ നടന്നിട്ടുണ്ട്. രോഗികൾ കിടക്കാതെ പ്രസവം നടക്കില്ലല്ലോ? കഴിഞ്ഞ രണ്ടുദിവസം മുമ്പ് കിട്ടിയ വിവരമാണ്. ഈ ഗവൺമെന്റു അധികാരത്തിൽ വന്ന ശേഷം എയർപോർട്ടുകൂടി അവിടെയുള്ളതുകൊണ്ട് ചില തസ്തികകൾ അനുവദിച്ചിട്ടുണ്ട്. സാധാരണഗതിയിൽ ഇല്ലാത്തതാണ്. എയർപോർട്ടിന്റെ പരിഗണന കൂടി വച്ച് ഒരു ഡോക്ടറുടെ പോസ്റ്റുകൂടി വന്നു, ഒരു ഒന്നാം ഗ്രേഡ് നഴ്സിംഗ് അസിസ്റ്റന്റിന്റെ പോസ്റ്റും വന്നു. അദ്ദേഹം പറഞ്ഞ തസ്തികകളൊക്കെ, ആ തസ്തികകളിൽ നിയമനം നടന്നില്ലെങ്കിൽ ഇന്നു തന്നെ വിളിച്ചു ചോദിക്കുകയും അതു പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ്. നഴ്സുമാർ ആ ജില്ലയിലുള്ളവരാണ്. മരുന്നിന്റെ കാര്യത്തിൽ ഇൻഡന്റ് കൊടുക്കേണ്ടത് അവരാണ്. ഓരോ മെഡിക്കൽ ഓഫീസർമാരുമാണ് അതു ചെയ്യേണ്ടത്. മുഴുവൻ മരുന്നും നമ്മൾ കൊടുക്കുന്നില്ല. സി.പി.സി. റേറ്റിലെ മരുന്നു മാത്രമേ കൊടുക്കുന്നുള്ളൂ. ബാക്കി മരുന്നുകൾ വാങ്ങേണ്ടതാണ്. പൂക്കോട്ടൂർ പി.എച്ച്.സി. ബ്ലോക്കു തല പി.എച്ച്.സി. ആണ്. നേരത്തെ അതു മലപ്പുറത്തായിരുന്നു. പിന്നീട് ജില്ലാ രൂപീകരണം വന്നപ്പോൾ മലപ്പുറത്തു നിന്ന് പൂക്കോട്ടൂരിലേയ്ക്കു മാറ്റി. മലപ്പുറം അസംബ്ലി കോൺസ്റ്റിറ്റ്യൂൻസിയുടെ ഭാഗമായിരുന്ന കാലത്താണ് അതു വന്നത്. ഇപ്പോൾ അതു കൊണ്ടോട്ടിയിലാണ്. പൂക്കോട്ടൂർ പി.എച്ച്.സി. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കുമ്പോൾ ഒരു ബ്ലോക്കിൽ രണ്ടു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വരും. കൊടുവള്ളി പോലുള്ള സ്ഥലങ്ങളിൽ ഒന്നുപോലുമില്ല. ഇതു രണ്ടാമതു വരണോ മൂന്നാമതു വരണോ എന്നതു ആലോചിക്ക

LIBRARY ARCHIVES Kerala Legislative Assembly

ണം. ഇപ്പോൾ ആലോചിക്കുന്നത്, ഒരു സെന്റർ പോലുമില്ലാത്ത ബ്ലോക്കിൽ ഒരു ഹെൽത്ത് സെന്റർ കൊടുക്കുക, രണ്ടെണ്ണമുള്ള സ്ഥലത്ത് മൂന്നു ഹെൽത്ത് സെന്റർ കൊടുക്കുക, അല്ലെങ്കിൽ ഒന്നുള്ള സ്ഥലത്ത് രണ്ടെണ്ണമെങ്കിലും കൊടുക്കാമെന്നാണ്. ഇതാണു വസ്തുത. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം, എനിക്കു ലഭിച്ചിട്ടുള്ള വസ്തുത തെറ്റാണെങ്കിൽ ഇന്നു തന്നെ പരിശോധിക്കുകയും അതു തിരുത്തുകയും ചെയ്യാം.

(5) കടുത്തുരുത്തി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. മോൻസ് ജോസഫ് : സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി മറ്റു നിയോജകമണ്ഡലങ്ങളിലെ വിവിധ സബ് സ്റ്റേഷനുകളുമായി ബന്ധപ്പെട്ടുള്ള ഏതാനും ഇംപ്രൂവ്മെന്റ് വർക്കുകളും ബോർഡിന്റെ സാധാരണയായി നടക്കുന്ന വർക്കുകളും മാത്രമാണ് ഇപ്പോൾ നടക്കുന്നത്. അതുകൊണ്ടുതന്നെ, ജനോപകാരപ്രദവും ഫലപ്രദവുമായ വോൾട്ടേജ് ഇംപ്രൂവ്മെന്റു വർക്കുകൾ നടത്താൻ കഴിയുന്നില്ല. അനുവദിച്ച ട്രാൻസ്ഫോർമറുകൾ നിശ്ചിതസമയത്ത് സ്ഥാപിക്കുന്നതിലും ലൈൻ ഇംപ്രൂവ്മെന്റ് വർക്ക് നടത്തുന്നതിലും കടുത്തുരുത്തി സെക്ഷൻ ഓഫീസിന്റെ പരിധിയിൽ ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുകയാണ്. അതു പരിശോധിക്കണം. അനുവദിക്കപ്പെട്ട വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾ സമയത്ത് നടത്താൻ തയ്യാറാകാതെ വീഴ്ച വരുത്തിയതിനെ സംബന്ധിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കണമെന്നും ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു. കടുത്തുരുത്തി മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾ എത്രയുംവേഗം പൂർത്തിയാക്കുന്നതിനും പുതിയതായി ഇംപ്രൂവ്മെന്റ് വർക്കുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നേരിടുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലേക്കായി സബ് സ്റ്റേഷനുകൾ അനുവദിക്കണമെന്ന ആവശ്യം കാലങ്ങളായി നിലനിൽക്കുന്നതാണ്. എല്ലാ ഗവൺമെന്റുകളും ഇതും അവഗണിച്ചുവരുകയാണ്. ഈ അവഗണന അവസാനിപ്പിച്ചുകൊണ്ട് രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഒരു പുതിയ സബ് സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കടുത്തുരുത്തി കേന്ദ്രമായി ഒരു മേജർ സെക്ഷനാഫീസും കല്ലറ, പെരുവ എന്നീ പഞ്ചായത്തു കേന്ദ്രങ്ങളിൽ പുതിയ സെക്ഷനാഫീസുകളുടെയും നിർദ്ദേശം സമർപ്പിക്കപ്പെട്ടിരുന്നു. ഈ കാര്യം കൂടി ഗവൺമെന്റിന്റെ പരിഗണനയിലെടുത്തുകൊണ്ട് അനുമതി നൽകണമെന്ന് ആവശ്യപ്പെടുന്നു. നിയോജകമണ്ഡലത്തിലെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കുറവിലങ്ങാട് ഒരു 66 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി 400 ലക്ഷം രൂപയുടെ പ്രോജക്ടിന് ബോർഡ് ഭരണാനുമതി നൽകി

LIBRARY ARCHIVES Kerala Legislative Assembly